നം.പിഡി.എം.സി/2/33087/13

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം,തി:10.09.2013.

# സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ്- സമഗ്ര ശിശുസംരക്ഷണ പദ്ധതി (ഐ.സി.പി.എസ്)- .ജെ.ജെ. സ്ഥാപനങ്ങളിൽ പർച്ചേഴ്സ് കമ്മിറ്റി രൂപീകരിച്ചത്-സംബന്ധിച്ച്.

പരാമർശം:-

**********

സാമൂഹ്യ നീതി വകുപ്പിലെ ജെ.ജെ. സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ലാ പ്രൊബേഷൻ ഓഫീസർ, സ്ഥാപനം സുപ്രണ്ട് എന്നിവർ ഉൾപ്പെട്ട ഒരു പർച്ചേഴ്സ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു. പർച്ചേഴ്സ് നടത്തുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജെ.ജെ.സ്ഥാപനങ്ങളിലെ കുട്ടികൾക്കാവശ്യമായ ഓരോ പർച്ചേഴ്സും നടത്തുത് കമ്മിറ്റിയിലെ 3 അംഗങ്ങളും ചേർന്ന് തീരുമാനമെടുത്ത് ആയിരിക്കണം
2. പർച്ചേഴ്സിൽ ഏതെങ്കിലും തരത്തുള്ള വീഴ്ച ഉണ്ടായാൽ കമ്മിറ്റിയിലെ 3 അംഗങ്ങളും തുല്യപങ്കാളികളായിരിക്കും.
3. പർച്ചേഴ്സ് കമ്മിറ്റിയിലെ അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു പൊതു പരിപാടി സംഘടിപ്പിച്ച് ഓണക്കോടി വിതരണം ചെയ്യേണ്ടതാണ്.
4. ഓണക്കോടി ഓരോ കുട്ടിക്കും നൽകുന്നത് ക്യാമറയിൽ പകർത്തേണ്ടതും സി.ഡി. ആയി സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.
5. പർച്ചേഴ്സ് ചെയ്യുന്ന സാധനങ്ങുടെ ഗുണ നിലവാരം ഉറപ്പു വരുത്തേണ്ടതും, സാധനങ്ങളുടെ വിവരം സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവയിൽ എഴുതി സൂക്ഷിക്കേണ്ടതും, ടി. രജിസ്റ്ററുകളിൽ കമ്മിറ്റി അംഗങ്ങൾ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
6. ജില്ലാ സാമൂഹ്യ നീതി ഓഫീസറും, ജില്ലാ പ്രൊബേഷൻ ഓഫീസറും എല്ലാ മാസവും ജെ.ജെ. സ്ഥാപനങ്ങൾ സന്ദർശിണ്ടേക്കണ്ടതും കുട്ടികളുടെ ദൈനം ദിന കാര്യങ്ങൾക്ക് ഒരു കുറവും ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പാലിച്ചു മാത്രമെ തുടർന്ന് ജെ.ജെ. സ്ഥാപനങ്ങളിൽ പർച്ചേഴ്സ് നടത്താൻപാടുള്ളൂ എന്ന് നിർദ്ദേശിക്കുന്നു.

സാമൂഹ്യ നീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
എല്ലാ ജില്ലാ പ്രൊഷേൻ ഓഫീസർമാർക്കും
എല്ലാ അഡീഷണൽ ഡയറക്ടർ
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ ജെ.ജെ. സ്ഥാപനം സുപ്രണ്ടുമാർക്കും
പി.ഡി.എം.സി. 1 മുതൽ 6 വരെ
ഡയറക്ടറുടെ സി.എ.
സ്റ്റോക്ക് ഫയൽ

Mk/